**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1104.** **25.01.2018 ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിൽ ബിയർ ഉല്പാദന യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം.ജോൺ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഹോട്ടലുകളിൽ ബിയർ ഉല്പാദന യൂണിറ്റുകൾ തുടങ്ങുവാൻ എക്സൈസ് വകുപ്പ് ശുപാർശ നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും | ഹോട്ടലുകളിൽ തുടങ്ങാവുന്ന മൈക്രോ ബ്രൂവറിയെപ്പറ്റി പഠനം നടത്തി എക്സൈസ് കമ്മീഷണർ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർക്കാർ അന്തിമതീരുമാനം എടുത്തിട്ടില്ല. |
| (ബി) | ഇത്തരം ഒരു ശുപാർശ നൽകുവാൻ വകുപ്പ് തീരുമാനിച്ചത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | മദ്യത്തിനെതിരെയുള്ള സർക്കാരിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് എക്സൈസ് വകുപ്പാണോ; | (സി) | അതെ. ഇതിലേയ്ക്കായി 'വിമുക്തി' കേരള ലഹരി വർജ്ജന മിഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വകുപ്പ് തന്നെ ഹോട്ടലുകളിൽ ബിയർ ഉല്പാദന യൂണിറ്റുകൾ തുടങ്ങുന്നതിന് ശുപാർശ നൽകി സംസ്ഥാനത്ത് മദ്യ ഉപഭോഗം കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചത് വിശദീകരിക്കുമോ? | (ഡി) | മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്, മദ്യനിരോധനമല്ല ഈ സർക്കാരിന്റെ നയം. മദ്യത്തിന്റെ ഉൽപാദനമോ വിതരണമോ ഉപഭോഗമോ നിരോധിക്കാൻ ഉദ്ദേശിക്കുന്നുമില്ല. മദ്യത്തിന്റെ വിതരണവും ഉൽപാദനവും എക്സൈസ് വകുപ്പിന്റെ കർശന നിയന്ത്രണത്തിലാണ് ഇപ്പോൾ നടന്നുവരുന്നത്. ആയതിനാൽ ലഹരി വർജ്ജനം പ്രോത്സാഹിപ്പിക്കുന്ന എക്സൈസ് വകുപ്പ് മദ്യ ഉപഭോഗം കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**